പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2304 — 18.06.2014-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ :

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എ) കേന്ദ്ര ഗവൺമെന്റിൽ നിന്നും എൻ.ആർ. എച്ച്.എം -ന് ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതികൾ | 2011-2012 | 2012-2013 | 2013-2014 |
|---|---|---|---|
| | (രൂപ കോടിയിൽ) | | |
| പ്രജനന ശൈശവ ആരോഗ്യ പദ്ധതി (RCH) | 86.39 | 102.04 | 110.57 |
| എൻ.ആർ.എച്ച്.എം. അഡീഷണാലിറ്റീസ് (മിഷൻ ഫ്ലക്സിപൂൾ) (NRHM Flexipool) | 144.34 | 105.86 | 109.38 |
| രോഗപ്രതിരോധ പരിപാടി(Immunization) | 5.37 | 7.452 | 7.87 |
| ദേശീയ നഗര ആരോഗ്യ പദ്ധതി (NUHM) | | | 13.6 |
| ആകെ തുക | 236.1 | 215.352 | 241.42 |

(ബി) ഓരോ സാമ്പത്തിക വർഷവും ലഭ്യമായ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനാണ് നിർദ്ദേശിച്ചത് ;

(ബി) പ്രധാനമായും താഴെ പറയുന്ന പദ്ധതികൾക്ക് വിനിയോഗിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1 മാതൃ ആരോഗ്യ പദ്ധതി
2 ജനനി സുരക്ഷാ യോജന
3 മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4 ജനനി ശിശു സുരക്ഷാ കാര്യക്രമം
5 നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6 ശിശു ആരോഗ്യ പദ്ധതി
7 വിദ്യാലയ ആരോഗ്യ പദ്ധതി

(.....2)

8 രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം

9 ഇമ്മ്യൂണൈസേഷൻ

10 കുടുംബക്ഷേമ പദ്ധതി

11 കൗമാര ആരോഗ്യ പദ്ധതി

12 നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി

13 ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി

14 പി.എൻ.ഡി.ടി ആക്ട് നടപ്പാക്കുക

15 ആരോഗ്യ പരിശീലനം

16 ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം

17 അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

18 ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപ കേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്

19 ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

20 ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപ കേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപണികൾ ക്കുള്ള ഗ്രാന്റ്

21 ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും

22 ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

23 ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക

24 ആയുഷ് പദ്ധതി

25 ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

26 പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

27 ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)

28 റേഡിയോ ഹെൽത്ത്

(.....3)

(സി) ഓരോ വർഷവും ഗ്രാമീണ മേഖലയിലെ ആരോഗ്യ രംഗത്ത് പശ്ചാത്തല സൗകര്യ വികസനത്തിനായി എത്ര തുക വീതം ചെലവഴിച്ചു ;

(സി) ആശുപത്രി നവീകരണത്തിനും, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി താഴെ പറയുന്ന തുക വീതം ചെലവഴിച്ചു.

| വർഷം | രൂപ ലക്ഷത്തിൽ |
|---|---|
| 2011-12 | 2819.81 |
| 2012-13 | 3417.52 |
| 2013-14 | 3274.53 |

(ഡി) കണ്ണൂർ ജില്ലയിൽ ഓരോ വർഷവും പശ്ചാത്തല സൗകര്യ വികസനത്തിനായി ചെലവഴിച്ച തുക എത്ര ;

(ഡി) കണ്ണൂർ ജില്ലയിൽ ഓരോ വർഷവും പശ്ചാത്തല സൗകര്യ വികസനത്തിനായി ചെലവഴിച്ച തുക താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 | 2,72,95,000/- |
| 2012-13 | 3,32,07,000/- |
| 2013-14 | 4,08,50,000/- |

(ഇ) ഓരോ വർഷവും കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ഏത് ആവശ്യങ്ങൾക്ക് ലഭ്യമാക്കി എന്നതു സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ ?

(ഇ) 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയും അതിന്റെ വിശദാംശങ്ങളും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ